REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിന് പശ്ചിമബംഗാൾ ജനത നാളെ പോളിംഗ് ബൂത്തിലേക്ക്.**
- **സംസ്ഥാനത്ത് സ്കൂളുകളിൽ മധ്യവേനൽ അവധിക്കാലത്ത് സ്പെഷ്യൽ ക്ളാസുകൾ നടത്തരുതെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന്  മന്ത്രി V ശിവൻകുട്ടി.**
- **ഈ വർഷത്തെ ദേശീയ അഗ്നി സുരക്ഷാ വാരം മെയ് നാല് മുതൽ പത്തു വരെ  സംഘടിപ്പിക്കുമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം.**
- **സംസ്ഥാനത്ത് ഇന്നും ചൂട് ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ വൈകിട്ട് പഞ്ചാബ് കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിന് പശ്ചിമബംഗാൾ ജനത നാളെ പോളിംഗ് ബൂത്തിലേക്ക്. 142 മണ്ഡലങ്ങളിലാണ് നാളെ വിധിയെഴുത്ത്. ഇന്നലെയായിരുന്നു കലാശകൊട്ട്. പ്രധാനമന്ത്രി നരേന്ദ്രമോദി ബാരക്പൂരിലും, മുഖ്യമന്ത്രി മമതാ ബാനർജി കൊൽക്കത്തയിലെ ഗരിയഹട്ടിലും, പ്രതിപക്ഷ നേതാവ് ശുഭേന്ദു അധികാരി ഭവാനിപൂരിലും ഇന്നലെ റാലിയിൽ പങ്കെടുത്തു.

ഇന്ന് നിശബ്ദ പ്രചാരണമാണ്. കലാശകൊട്ടിനോട് അനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടായ അക്രമസംഭവങ്ങളിൽ 1,500

ലധികം ആളുകളെ അറസ്റ്റു ചെയ്തു. തിരഞ്ഞെടുപ്പിന് ശേഷം രണ്ട് മാസം കൂടി കേന്ദ്രസേന സംസ്ഥാനത്ത് തുടരുമെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ അറിയിച്ചു. NDA ബഹലയിൽ സംഘടിപ്പിച്ച റോഡ്ഷോയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് സുരക്ഷിതവും, നിർഭയവുമായി വോട്ട് ചെയ്യാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

കേരളം, പുതുച്ചേരി, തമിഴ്നാട്, അസം, തുടങ്ങിയ സംസ്ഥാനങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പ് നേരത്തെ പൂർത്തീകരിച്ചിരുന്നു. ബംഗാൾ ഉൾപ്പടെ ഈ സംസ്ഥാനങ്ങളിലെയും വോട്ടെണ്ണൽ മെയ് നാലിനാണ്.

✪✪✪

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടപടികൾക്ക് കൗണ്ടിങ് സൂപ്പർവൈസർ, കൗണ്ടിങ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർവർ എന്നിവരുടെ നിയമനത്തിന് ജില്ലകളിൽ ആദ്യഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. 30 ശതമാനം റിസർവ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയത്. മെയ് രണ്ടിനാണ് രണ്ടാം ഘട്ട റാൻഡമൈസേഷൻ.

✪✪✪

അഞ്ച് ദിവസത്തെ സന്ദർശനത്തിന് ഹിമാചൽ പ്രദേശിൽ എത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഷിംലയിലെ ലോക് ഭവനിൽ ഗവർണർ ഒരുക്കുന്ന പ്രത്യേക വിരുന്നിൽ പങ്കെടുക്കും. നാളെ അടൽ ടണൽ സന്ദർശിക്കുന്ന രാഷ്ട്രപതി ബോർഡർ റോഡ്സ് ഓർഗനൈസേഷൻ ഉദ്യോഗസ്ഥരുമായി സംവദിക്കും. പാലംപൂരിൽ ഹിമാചൽ പ്രദേശ് കൃഷി വിശ്വവിദ്യാലയത്തിന്റെ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. അവസാന ദിവസം ഷിംലയിലെ ആർമി ട്രെയിനിംഗ് കമാൻഡും രാഷ്ട്രപതി സന്ദർശിക്കും.

✪✪✪

സിക്കിമിൽ പ്രതിഭകൾക്ക് ഒരു ക്ഷാമവുമില്ലെന്നും അവിടുത്തെ ജനങ്ങളെ കണ്ടുമുട്ടുന്നത് എപ്പോഴും ഹൃദയസ്പർശിയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഗാങ്ടോക്കിലെ പാൽജോഡ് സ്റ്റേഡിയത്തിൽ സംസ്ഥാന രൂപീകരണത്തിന്റെ 50-ാമത് വാർഷികാഘോഷങ്ങളുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ചടങ്ങിൽ, 4,000 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു. വടക്കുകിഴക്കൻ മേഖലയ്ക്കായി ആറ് ക്രിക്കറ്റ് അക്കാദമികളും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

✪✪✪

ലിബിയയിലെ ഗഡാംസ് ബേസിനിൽ കരാർ മേഖലയിൽ പുതിയ എണ്ണ, വാതക നിക്ഷേപം കണ്ടെത്തിയ ഓയിൽ ഇന്ത്യ ലിമിറ്റഡിനെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിനെയും കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി അഭിനന്ദിച്ചു. 8,440 അടി ആഴത്തിൽ കിണർ പൂർത്തിയാക്കിയതായും പ്രതിദിനം 13 ദശലക്ഷം ഘന അടി വാതകവും 327 ബാരൽ കണ്ടൻസേറ്റും ഉൽപ്പാദിപ്പിച്ചതായും മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മെയിൽ, എക്സ്പ്രസ് ട്രെയിനുകളിൽ ഭിന്നശേഷിക്കാർക്ക് റിസർവ്വേഷനില്ലാതെ യാത്ര ചെയ്യുന്നതിന് കേന്ദ്ര റയിൽവേ മന്ത്രാലയം സൗകര്യമൊരുക്കി. പത്തനംതിട്ട തിരുവല്ല സ്വദേശിയായ അക്ഷയ് A എന്ന യുവാവിന്റെ ഇടപെടലാണ് ഇതിന് കാരണമായത്.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി എസ് ശ്രീധർ...

........വോയ്സ്.........

രാജ്യസഭാ അംഗം പി ടി ഉഷയുടെ ഇടപെടലിനെ തുടർന്നാണ് റെയിൽവേ മന്ത്രാലയത്തിന്റെ നടപടി. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിനു കീഴിൽവരുന്ന യുഡി ഐ ഡി കാർഡുകൾ കൈവശമുള്ളവർക്കാണ് റെയിൽവേ മന്ത്രാലയം ഈ മാസം 7 ന് പുറത്തിറക്കിയ ഉത്തരവിന്റെ പ്രയോജനം ലഭിക്കുക. പത്തനംതിട്ട തിരുവല്ല സ്വദേശിയായ എ അക്ഷയ് എന്ന ഫോട്ടോഗ്രാഫറാണ് ഭിന്ന ശേഷിക്കാർ ട്രെയിൻ യാത്രയിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി രാജ്യസഭാ എം പി, പി ടി ഉഷക്ക് മെയിൽ അയച്ചത്.ഭിന്നശേഷിക്കാർക്കായി അനുവദിച്ച കോച്ചുകളിലും, സീറ്റുകളിലും മറ്റ് യാത്രക്കാർ സഞ്ചരിക്കുന്നതായി കണ്ടെത്തിയാൽ1989 ലെ റെയിൽവെ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടിയെടുക്കുമെന്നും റെയിൽവേ പ്രിൻസിപ്പൾ ചീഫ് കൊമേഴ്സ്യൽ മാനേജർ ഇറക്കിയ ഉത്തരവിൽ പറയുന്നു.

✪✪✪

സംസ്ഥാനത്ത് സ്കൂളുകളിൽ മധ്യവേനൽ അവധിക്കാലത്ത് സ്പെഷ്യൽ ക്ളാസുകൾ നടത്തരുതെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

മെയ് 15 ന് SSLC പരീക്ഷാ ഫലം പ്രഖ്യാപിക്കുമെന്നും ഫലപ്രഖ്യാപനം കഴിഞ്ഞാലുടൻ പുനർ മൂല്യനിർണയ അപേക്ഷകൾ സ്വീകരിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

ഹയർ സെക്കണ്ടറി- വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ഫല പ്രഖ്യാപനം മെയ് 22 നാണ്.

പരീക്ഷാ മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാത്ത അധ്യാപകർക്കക്കെതിരെ കർശന നടപടിയെടുക്കാൻ നിർദ്ദേശം നൽകിയതായും മന്ത്രി അറിയിച്ചു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റു ചെയ്യണമെന്നും കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് ഒരു വിഭാഗം ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത സംസ്ഥാന ഹർത്താൽ തുടരുന്നു. വൈകിട്ട് ആറുവരെയാണ് ഹർത്താൽ.

തിരുവനന്തപുരം തമ്പാനൂരിൽ ബസും ഓട്ടോയും അടക്കം വാഹനങ്ങൾ പ്രതിഷേധക്കാർ തടഞ്ഞു.

ആലപ്പുഴയിൽ ഹർത്താൽ അനുകൂലികൾ കടകളും പെട്രോൾ പമ്പുകളും അടപ്പിച്ചു. ചിലയിടങ്ങളിൽ ബസ്സുകൾ തടഞ്ഞു.

കോട്ടയം ജില്ലയിലും ഹർത്താലിൽ ഗതാഗതം തടസ്സപ്പെട്ടു. ഹർത്താൽ അനുകൂലികൾ KSRTC അടക്കം വാഹനങ്ങൾ തടഞ്ഞു.

പത്തനംതിട്ടയിലെ അടൂരിൽ KSRTC സ്റ്റാൻഡിന് മുന്നിൽ ദളിത് സംഘടനകൾ വാഹനങ്ങൾ തടഞ്ഞു. റാന്നിയിലും തിരുവല്ലയിലും സമരാനുകൂലികൾ വാഹനങ്ങൾ തടഞ്ഞു. പത്തനംതിട്ട KSRTC ബസ് സ്റ്റാന്റ് പരിസരത്ത് സമരാനുകൂലികൾ പ്രകടനം നടത്തി.

കണ്ണൂരിൽ ചിലയിടങ്ങളിൽ രാവിലെ ഹർത്താൽ അനുകൂലികൾ വാഹനങ്ങൾ തടഞ്ഞു. താണ, പട്ടുവം, പഴയങ്ങാടി എന്നിവിടങ്ങളിലാണ് വാഹനങ്ങൾ തടഞ്ഞത്. ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ കട കമ്പോളങ്ങൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്.

✪✪✪

വാഷിംഗ്ടണിൽ വൈറ്റ് ഹൗസ് അത്താഴവിരുന്നിൽ വെടിയുതിർത്ത കേസിൽ പ്രതിയായ കോൾ തോമസ് അലനെതിരെ വധശ്രമ കുറ്റം ചുമത്തി. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ വധിക്കാൻ ശ്രമിച്ചു എന്നതാണ് കുറ്റം.

✪✪✪

ഈ വർഷത്തെ ദേശീയ അഗ്നി സുരക്ഷാ വാരം മെയ് നാല് മുതൽ പത്തു വരെ സംഘടിപ്പിക്കുമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. തീപിടുത്ത അപകടങ്ങൾ ഒഴിവാക്കുന്നതിനും, സുരക്ഷ, ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഊന്നൽ നൽകിയായിരിക്കണം വാരാചരണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയ സെക്രട്ടറി നിർദ്ദേശിച്ചു.

✪✪✪

രാജ്യത്തെ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും മുൻകരുതൽ ശക്തിപ്പെടുത്തണമെന്ന് ആരോഗ്യകുടുംബ ക്ഷേമ മന്ത്രാലയം സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് നിർദേശം നൽകി. ജൂൺ വരെ ഇന്ത്യയുടെ കിഴക്കൻ- മധ്യ വടക്കു പടിഞ്ഞാറൻ ഭാഗങ്ങളിലും, തെക്കു കിഴക്കൻ മേഖലയിലും സാധാരണയിലും കൂടുതൽ ചൂടിനും ഉഷ്ണതരംഗത്തിനും സാധ്യത ഉണ്ടെന്നും മന്ത്രാലയ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ പറഞ്ഞു.

✪✪✪

ചുട്ടുപൊള്ളുന്ന പാലക്കാട്ട് പക്ഷിമൃഗാദികളുടെ ദാഹം അകറ്റാൻ മരങ്ങളിൽ വെള്ളം നിറച്ച മണ്ണുറികൾ തൂക്കിയ പ്രഭാത നടത്തക്കാരുടെ കൂട്ടായ്മ ശ്രദ്ധേയമാകുന്നു.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്...

........വോയ്സ്.......

100 ഫീറ്റ് വാക്കേഴ്സ് ക്ലബ്ബിന്റെ പ്രവർത്തകരാണ് പക്ഷികളുടെ ദാഹം തീർക്കുന്നതിനായി വെള്ളം നിറച്ച 100 മണ്ണുറികൾ മരങ്ങളിൽ തൂക്കിയിട്ടിരിക്കുന്നത്. പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ് മുതൽ മാട്ടുമന്ത വരെയുള്ള പ്രഭാത നടത്തക്കാരുടെ കൂട്ടായ്മയാണ് 100 ഫീറ്റ് വാക്കേഴ്സ് ക്ലബ്ബ്. ഇവരുടെ ഈ നടത്ത വഴിയിലെ തണൽ മരങ്ങളിലാണ് വെള്ളം നിറച്ച മണ്ണുറികൾ സ്ഥാപിച്ചിരിക്കുന്നത്. വാക്കേഴ്സ് ക്ലബ്ബിന്റെ മണ്ണുറികൾ സ്ഥാപിക്കുന്നതിന്റെ ഉത്ഘാടനം നഗരസഭ ചെയർമാൻ പി.സ്മിതേഷ് നിർവഹിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്നും ചൂട് ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ 40 ഡിഗ്രി സെൽഷ്യൽസ് വരെ താപനില ഉയർന്നേക്കും. കൊല്ലം ജില്ലയിൽ 39 ഡിഗ്രിയും, കോട്ടയം, പത്തനംതിട്ട, തൃശൂർ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രിയും ആലപ്പുഴ, എറണാകുളം, മലപ്പുറം,

കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 37 ഡിഗ്രിയും തിരുവനന്തപുരം ജില്ലയിൽ 36 ഡിഗ്രി സെൽഷ്യസും വരെ ചൂട് ഉയർന്നേക്കും. വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

മംഗളാദേവി ചിത്രാപൗർണമി ഉത്സവ ദിവസം ഇടുക്കി ജില്ലയിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ടെന്ന് ഇടുക്കി ജില്ലാ കളക്ടറുടെ ജാഗ്രതാ നിർദേശം. ഭക്തർക്ക് സുരക്ഷിത ദർശനം ഉറപ്പാക്കാൻ ഇടുക്കി, തേനി ജില്ലാ ഭരണകൂടങ്ങൾ വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്ക് ശേഷം മഴ സാധ്യത പരിഗണിച്ച് ഭക്തർ ദർശനം നേരത്തെ പൂർത്തീകരിക്കണമെന്ന് കലക്ടർ നിർദ്ദേശിച്ചു.

ഇടുക്കിയിൽ നിന്ന് രതീഷ്കൃഷ്ണ...

........വോയ്സ്.......

മെയ് ഒന്നിന് നടക്കുന്ന മംഗളാദേവി ചിത്രാപൗർണമി ഉത്സവത്തോടനുബന്ധിച്ച് പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ കർശന സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഏപ്രിൽ 30, മെയ് 1 തീയതികളിൽ ജില്ലയിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ടെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെത്തുടർന്ന് കനത്ത ജാഗ്രത പുലർത്താൻ ഭക്തർക്ക് നിർദ്ദേശം നൽകി. ഉച്ചതിരിഞ്ഞ് കാലാവസ്ഥാ വ്യതിയാനത്തിന് സാധ്യതയുള്ളതിനാൽ ഭക്തർ പരമാവധി നേരത്തെ ദർശനം നടത്തി മടങ്ങേണ്ടതാണ്.

കാലാവസ്ഥാ മുന്നറിയിപ്പുള്ളതിനാൽ വനമേഖലയിലൂടെയുള്ള യാത്രയിൽ ഭക്തർ വനംവകുപ്പിന്റെയും പോലീസിന്റെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഉത്സവദിവസം പുലർച്ചെ 6 മണി മുതൽ ഉച്ചയ്ക്ക് 2.30 വരെ മാത്രമായിരിക്കും പ്രവേശനം. മോട്ടോർ വാഹന വകുപ്പിന്റെ പാസുള്ള വാഹനങ്ങൾക്ക് മാത്രമേ അനുമതിയുണ്ടാകൂ. ട്രാക്ടറുകൾക്ക് പ്രവേശനം അനുവദിക്കില്ല. കടുത്ത ചൂട് പരിഗണിച്ച് ബാരിക്കേഡുകൾക്ക് മുകളിൽ പന്തലുകളും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ ടീം, ആംബുലൻസ്, അഗ്നിശമനസേന എന്നിവരുടെ സേവനവും ക്ഷേത്രപരിസരത്ത് ലഭ്യമാക്കും. വനത്തിന്റെ പരിപാവനത കാത്തുസൂക്ഷിച്ചുകൊണ്ട് പരിസ്ഥിതി സൗഹൃദമായ ദർശനം ഉറപ്പാക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂചണ്ഡിഗഡിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഡൽഹി ക്യാപിറ്റൽസിനെ ഒൻപത് വിക്കറ്റിന് തകർത്തു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC, ഒഡീഷ FC യെ നേരിടും. പശ്ചിമ ബംഗാളിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

അഖിലേന്ത്യാ അന്തർ സർവകലാശാല പുരുഷ വാട്ടർപോളോ കിരീടം കലിക്കറ്റ് സർവകലാശാലയ്ക്ക്. കലിക്കറ്റ് സർവകലാശാലാ അക്വാട്ടിക് കോംപ്ലക്സിലെ ഫൈനലിൽ ആറിനെതിരെ എട്ട് ഗോളിന് കേരള സർവകലാശാലയെ ആണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ , രജ്ന കെ*
*DEO : സി കെ സുബോധ്*